**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഫയലുകൾ തീർപ്പാക്കാൻ പ്രത്യേക അദാലത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ മൂന്നു ലക്ഷത്തിലധികം ഫയലുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി 2025 മെയ് 31 വരെ ആരംഭിച്ച ഫയലുകളിൽ മൂന്ന് ലക്ഷത്തിലേറെ ഫയലുകൾ തീർപ്പാക്കാൻ അവശേഷിച്ചിരുന്നു. അവയിൽ ഭൂരിഭാഗം ഫയലുകളിലും തുടർ നടപടികൾ നടന്ന് കൊണ്ടിരിക്കുന്നവയാണ്. ഇത്തരം ഫയലുകളുടെ നീക്കം വേഗത്തിലാക്കുന്നതിനും തീർപ്പാക്കുന്നതിനും 2025 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെ ഫയൽ അദാലത്ത് നടത്തുകയുണ്ടായി. |
| (ബി) | ഫയലുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തീരുമാനം എടുക്കാതെ വൈകിപ്പിക്കുന്നത് അഴിമതിയായി കണക്കാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഫയലുകളിൽ അനാവശ്യമായി കാലതാമസം ഉണ്ടാക്കുന്നവരിൽ നിന്നും വിശദീകരണം തേടിയ ശേഷം വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്.<br><br>കൂടാതെ ഫയൽ അദാലത്തുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കുവാൻ 05.07.2025 ലെ എ.ആർ.14-2/29/2025/ഉഭപവ സർക്കുലർ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (സി) | ഇത്തരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ; | (സി) | ഫയലുകളിൽ അനാവശ്യമായി കാലതാമസം ഉണ്ടാക്കുന്നവരിൽ നിന്നും വിശദീകരണം തേടിയ ശേഷം വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്.<br><br>കൂടാതെ ഫയൽ അദാലത്തുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കുവാൻ 05.07.2025 ലെ എ.ആർ.14-2/29/2025/ഉഭപവ സർക്കുലർ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സെക്രട്ടേറിയറ്റിലും വകുപ്പ മേധാവികളുടെ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സെക്രട്ടേറിയറ്റിലും വകുപ്പ് തലവൻമാരുടെ കാര്യാലയങ്ങളിലും പബ്ലിക് യൂട്ടിലിറ്റി / റെഗുലേറ്ററി സ്ഥാപനങ്ങളിലും കുടിശ്ശികയുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു.<br><br>30/06/2025 വരെ തീർപ്പാക്കുവാൻ അവശേഷിച്ചിരുന്ന ഫയലുകളാണ് ഉൾപ്പെടുത്തിയത്. 31/08/2025-ൽ മൂന്നു വിഭാഗങ്ങളിലുമായി കുറഞ്ഞത് 60 ശതമാനം ഫയലുകളെങ്കിലും തീർപ്പാക്കണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്.<br><br>സെക്രട്ടേറിയറ്റിലും വകുപ്പ് തലവൻമാരുടെ കാര്യാലയങ്ങളിലും പബ്ലിക് യൂട്ടിലിറ്റി / റെഗുലേറ്ററി സ്ഥാപനങ്ങളിലുമായി ആകെ തീർപ്പാക്കാൻ ഉണ്ടായിരുന്ന 12,43,634 ഫയലുകളിൽ 7,29,843 ഫയലുകൾ തീർപ്പാക്കി. മൊത്തത്തിൽ 59% ഫയലുകൾ തീർപ്പാക്കുവാൻ കഴിഞ്ഞു.<br><br>സെക്രട്ടേറിയറ്റിൽ തീർപ്പാക്കാനുണ്ടായിരുന്ന 3,05,555 ഫയലുകളിൽ 1,58,336 ഫയലുകൾ തീർപ്പാക്കി (52%). വകുപ്പ് മേധാവികളുടെ കാര്യാലയങ്ങളിൽ തീർപ്പാക്കാനുണ്ടായിരുന്ന 9,09,778 ഫയലുകളിൽ 5,49,267 ഫയലുകൾ തീർപ്പാക്കി (60%). പബ്ലിക് യൂട്ടിലിറ്റി/റെഗുലേറ്ററി സ്ഥാപനങ്ങളിൽ തീർപ്പാക്കാനുണ്ടായിരുന്ന 28,301 ഫയലുകളിൽ 22,240 ഫയലുകൾ തീർപ്പാക്കി (78%).<br><br>അദാലത്തിനായി ഫയൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് പ്രത്യേകം തയ്യാറാക്കിയ വെബ് പോർട്ടൽ വഴി ഫയലുകളുടെ തീർപ്പാക്കൽ പുരോഗതി സംബന്ധിച്ച് കൃത്യമായ കണക്കുകൾ വകുപ്പ് മന്ത്രി മുതൽ താഴേക്കുള്ള എല്ലാ ഉദ്യോഗസ്ഥരും തൽസമയം നിരീക്ഷിക്കുകയും അതുവഴി നടത്തിയ തുടർനടപടി നിർദേശങ്ങളും വഴിയാണ് ഈ നേട്ടം കൈവരിക്കാനായത്. അവധി ദിവസങ്ങളിൽ ഉൾപ്പെടെ കാര്യക്ഷമതയോടെയും ആത്മാർത്ഥതയോടെയും ജീവനക്കാർ നടത്തിയ പ്രവർത്തനത്തിലൂടെ അദാലത്ത് ലക്ഷ്യം നേടുവാനായി.<br><br>മന്ത്രിസഭയും, മുഖ്യമന്ത്രിയും മന്ത്രിമാരും, ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് മേധാവികളും ഇടവേളകളിൽ പുരോഗതി വിലയിരുത്തുകയും നിദ്ദേശ്ശങ്ങൾ നൽകുകയും ചെയ്തു. നോഡൽ ഓഫീസർമാർ ഓരോ വകുപ്പിലെയും |

| | | | |
|---|---|---|---|
| | | | തീർപ്പാക്കൽ പുരോഗതിക്ക് നല്ല നിലയിൽ പങ്കുവഹിച്ചു. മുഴുവൻ ജീവനക്കാരുടെയും സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കാൻ സർക്കാരിന് സാധിച്ചു.<br><br>ഫയൽ അദാലത്ത് നടപടികൾ അവസാനിച്ചുവെങ്കിലും തീർപ്പാക്കാൻ ശേഷിക്കുന്ന ഫയലുകളുടെ പുരോഗതി തുടർന്നും നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും അദാലത്തിനായി തയ്യാറാക്കിയ പോർട്ടൽ തുടരുന്നതിനുമായി നിർദ്ദേശങ്ങൾ നൽകുകയും മൂന്നുമാസത്തിനുശേഷം ഫയൽ തീർപ്പാക്കൽ പുരോഗതി വിലയിരുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ